**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5157** **12-08-2021 - ൽ മറുപടിയ്ക്ക്**

**പെട്രോൾ, ഡീസൽ വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോൾ, ഡീസൽ വില വർദ്ധനവ് ഏതെല്ലാം രീതിയിൽ സമ്പദ്ഘടനയെ ബാധിയ്ക്കുന്നുവെന്ന് വിശദമാക്കാമോ; | (എ) | വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇതു ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. |
| (ബി) | പെട്രോൾ, ഡീസൽ വില വർദ്ധനവ് ഭക്ഷ്യ വസ്തുക്കളുടെയും അസംസ്കൃത വസ്തുക്കളുടെയും വിലക്കയറ്റത്തിന് ഇടവരുത്തുകയും തൊഴിൽ നഷ്ടത്തിന് കാരണമാവുകയും ചെയ്യുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ഡീസലിന്റെയും പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വിലവർദ്ധനവിന്റെ ഫലമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു നേരിടുന്നതിനായി പൊതുവിപണിയിൽ വിലവർദ്ധനയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലകളിൽ പൊതുവിതരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവർ ഉൾപ്പെട്ട സ്ക്വാഡ് രൂപീകരിക്കുകയും പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പെട്രോൾ, ഡീസൽ വില വർദ്ധനവ് തൊഴിൽ നഷ്ടത്തിന് കാരണമാകുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ